(ബി) ചോറോട് റെയിൽവേ മേൽപ്പാലം, തലശ്ശേരി-മാഹി ബൈപ്പാസ് ഒന്നാം ഘട്ടം എന്നീ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ദേശീയ പാത 47-ൽ ചേർത്തല മുതൽ ആലുവവരെയുള്ള ഭാഗമാണ് 4 വരി പാതയാക്കി വികസിപ്പിച്ചിട്ടുള്ളത്. ഇതിൽ ശേഷിക്കുന്ന കളമശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

(ഡി)&(ഇ) ദേശീയപാത 47-ൽ ആലുവ മുതൽ അങ്കമാലിവരെ 15 കി. മീറ്ററും തൃശൂർ മുതൽ വാണിയംപാറ വരെ 20 കി.മീറ്ററും നാലുവരി പാതയാക്കുന്ന പണി കേന്ദ്രഗവണ്മെന്റ് ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ചിട്ടുണ്ട്.

(എഫ്) Paver Finisher, 60 ton Hot Mix Plant, Vibrator Roller, Pneaumatic Roller തുടങ്ങിയ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന യന്ത്രസാമഗ്രികൾ ദേശീയപാത നിർമ്മാണത്തിന് കൂടുതലായി ഉപയോഗിക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

12 (*247) തുടർവിദ്യാഭ്യാസ പദ്ധതി

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിലുള്ള തുടർ വിദ്യാഭ്യാസ പദ്ധതിയുടെ പരിശീലന പരിപാടികളുടെ നടത്തിപ്പ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരിശീലനപരിപാടികളിൽ എന്തെങ്കിലും മാറ്റം ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) പരിശീലകരെ കണ്ടെത്തുക, പരിശീലന പരിപാടികളുമായി അവരെ ബന്ധപ്പെടുത്തുക, പരിശീലകർക്കുള്ള ഓണറേറിയം നൽകുക എന്നീ ചുമതലകൾ നിറവേറ്റുന്നതിൽ സാക്ഷരതാസമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ തുടർവിദ്യാഭ്യാസ പരിപാടികളെ ജനകീയാസൂത്രണ പദ്ധതികളുമായി ബന്ധപ്പെടുത്തുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടം വരെ ആയി എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) തുടർവിദ്യാഭ്യാസ പരിപാടിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

1093/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്.

(ബി) വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ പരിശീലന രീതിയിലും ഉള്ളടക്കത്തിലും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഓരോ പരിശീലനത്തിനും ആവശ്യമായ മോഡ്യൂൾ തയ്യാറാക്കുന്നതിന് വിദഗ്ദ്ധ സമിതി രൂപവൽക്കരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനതലത്തിലുള്ള പരിശീലന പരിപാടികൾ സംസ്ഥാന സാക്ഷരതാ മിഷനും സ്റ്റേറ്റ് റിസോഴ്സ് സെന്ററും സംയുക്തമായാണ് നടത്തുന്നത്. ജില്ലാതലത്തിൽ സാക്ഷരതാമിഷന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം അതാത് സാക്ഷരതാസമിതികൾ പരിശീലന പരിപാടി നടത്തുന്നു. വികേന്ദ്രീകരണാടിസ്ഥാനത്തിൽ നടക്കുന്ന ഇത്തരം പരിശീലനങ്ങളിൽ വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ പരിശീലനപരിപാടിയും കഴിയുമ്പോൾ ട്രെയിനിംഗ് കമ്മിറ്റി പോരായ്മകൾ ചർച്ച ചെയ്ത് പരിപാടി മെച്ചപ്പെടുത്തുന്നതിന് നടപടിയെടുക്കുന്നുണ്ട്.

(ഡി) തുടർവിദ്യാഭ്യാസ പരിപാടിയെ ജനകീയാസൂത്രണവുമായി ബന്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. ജനകീയാസൂത്രണ പദ്ധതിയിൽ പണം വകയിരുത്തുന്നത് സംബന്ധിച്ച് എല്ലാ പഞ്ചായത്തുകളുമായും സാക്ഷരതാ മിഷൻ ബന്ധപ്പെട്ടു. അതനുസരിച്ച് പല പഞ്ചായത്തുകളും തുടർവിദ്യാഭ്യാസത്തിന് പ്രത്യേകം പണം വകയിരുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. സംസ്ഥാനത്ത് 11,000 കേന്ദ്രങ്ങൾകൂടി അനുവദിക്കണമെന്ന് ദേശീയ സാക്ഷരതാ മിഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. ദേശീയ സാക്ഷരതാമിഷനിൽനിന്നും ഇതിനകം 8.19 കോടി രൂപ സംസ്ഥാന സാക്ഷരതാ മിഷന് ലഭിച്ചിട്ടുണ്ട്.

13 (* 248) എക്സ്പ്രസ് ഹൈവേ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ്സ് ഹൈവേയിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവണ്മെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം റോഡുകളെയാണ് എക്സ്പ്രസ്സ് ഹൈവേയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഇതുസംബന്ധമായി കേന്ദ്ര ഗവണ്മെന്റുമായി സംസ്ഥാന സർക്കാർ ചർച്ചനടത്തുകയുണ്ടായോ; എങ്കിൽ ഇതിൽ ആരെല്ലാം പങ്കെടുത്തു. ചർച്ചയുടെ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

LIBRARY ARCHIVES Kerala Legislative Assembly